**സർവീസ് മുഖപ്രസംഗം - ഫെബ്രുവരി 15, 2019**

# മന്നത്തുപത്മനാഭന്റെ പേരിലുള്ള സംസ്ഥാനസർക്കാരിന്റെ ഇരട്ടത്താപ്പുനയം ജനം തിരിച്ചറിയണം

സ്വന്തം സമുദായത്തിലെ ദുരാചാരങ്ങളും അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നിർമ്മാർജ്ജനം ചെയ്യുന്നതിനും സമൂഹത്തിൽ നടമാടിക്കൊണ്ടിരുന്ന ജാതീയമായ ഉച്ചനീചത്വങ്ങളും തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും അവസാനിപ്പിക്കുന്നതിനും എല്ലാവിഭാഗങ്ങൾക്കും ഒരുപോലെ സഞ്ചാരസ്വാതന്ത്ര്യവും ക്ഷേത്രപ്രവേശനവും ഉറപ്പുവരുത്തുന്ന കാര്യത്തിലും ജീവിതകാലം മുഴുവൻ തന്റേതായ പങ്ക് വഹിച്ചിട്ടുള്ള സാമൂഹ്യപരിഷ്കർത്താവാണ് മന്നത്തു പത്മനാഭൻ.

സേവനപ്രവർത്തനങ്ങൾ മുഖ്യമായും നായർസമുദായത്തെ കേന്ദ്രീകരിച്ചുള്ളതായിരുന്നെങ്കിലും, അതിന്റെ ഗുണഭോക്താക്കൾ നാനാജാതിമതസ്ഥരായ ബഹുജനങ്ങളാണെന്ന വസ്തുതയെ അംഗീകരിച്ച് 1966-ൽ ഇന്ത്യാ ഗവണ്മെന്റ് പത്മഭൂഷൺപുരസ്കാരം നല്കി അദ്ദേഹത്തെ ആദരിച്ചിട്ടുള്ളതാണ്.

വൈകിയാണെങ്കിലും, 2014-ൽ യു.ഡി.എഫ്. ഗവണ്മെന്റ് അദ്ദേഹത്തിന്റെ ജന്മദിനമായ ജനുവരി 2 പൊതുഅവധിയായി പ്രഖ്യാപിച്ച് അദ്ദേഹത്തോടുള്ള ആദരവ് പ്രകടിപ്പിക്കുകയുണ്ടായി.

എന്നാൽ, മന്നത്തു പത്മനാഭന്റെ ജന്മദിനമായ ജനുവരി 2-ലെ പൊതുഅവധി, ബാങ്കുജീവനക്കാർക്കുൾപ്പെടെ ബാധകമാകുന്ന രീതിയിൽ നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ട് പ്രകാരമുള്ള അവധി ആയിക്കൂടി പ്രഖ്യാപിക്കണമെന്ന ന്യായമായ ആവശ്യം ഇടതുപക്ഷസർക്കാർ നിഷ്കരുണം തള്ളുകയാണ് ചെയ്തത്.

അതേസമയംതന്നെ, സർക്കാർനിയന്ത്രണത്തിലുള്ള കേരളസാഹിത്യഅക്കാദമിയുടെ 'കേരളം ഓർമ്മസൂചിക 2019' എന്ന പേരിൽ പുറത്തിറക്കിയ ഡയറിയിൽ, എന്തുകൊണ്ടും അർഹനായ മന്നത്തു പത്മനാഭന്റെ ചിത്രം ഒഴിവാക്കിക്കൊണ്ട് മറ്റു 32 നവോത്ഥാനനായകരുടെ ചിത്രങ്ങൾ മാത്രം ഉൾപ്പെടുത്തിയിരിക്കുകയാണ്. പ്രസ്തുത ഡയറിയിൽ നവോത്ഥാനനായകരുടെ കൂട്ടത്തിൽ മന്നത്തുപത്മനാഭന് അർഹമായ സ്ഥാനം നല്കിയിട്ടില്ല എന്ന് അറിഞ്ഞപ്പോൾതന്നെ സംഘാടകരുടെ ബോധപൂർവമായ നടപടിയാണ് അതിനു പിന്നിലുള്ളത് എന്നു മനസ്സിലാക്കിത്തന്നെയാണ് എൻ. എസ്.എസ്. ആദ്യം പ്രതികരിക്കാതിരുന്നത്. എന്നാൽ, സാമൂഹ്യപരിഷ്കർത്താവായ മന്നത്തു പത്മനാഭനെ 32 നവോത്ഥാനനായകരുടെ പട്ടികയിൽപെടുത്താൻ പോലും തയ്യാറാകാതെ അപമാനിക്കുന്ന ചിത്രമാണ് അവരുടെ പിന്നീടുള്ള വിശദീകരണത്തിൽനിന്നും തെളിഞ്ഞുവന്നത്.

ഇപ്പോൾ സർക്കാർ നവോത്ഥാനത്തെപ്പറ്റി പറയുമ്പോൾ ഏറ്റവും പ്രധാനപ്പെട്ടവരിൽ മന്നത്തിന്റെ ചിത്രമാണ് ഉയർത്തിക്കാട്ടുന്നത്. അതോടൊപ്പംതന്നെ, അദ്ദേഹത്തിന്റെ കർമ്മമാർഗ്ഗങ്ങളിൽനിന്നെല്ലാം ഇന്നത്തെ എൻ.എസ്.എസ്. നേതൃത്വം മാറി ചിന്തിക്കുന്നു എന്ന സർക്കാരിന്റെ കൂടെക്കൂടെയുള്ള പ്രഖ്യാപനം ഉണ്ടാകാറുമുണ്ട്. ഇത് തികച്ചും രാഷ്ട്രീയപ്രേരിതമാണ്.

അവധിയുടെ കാര്യത്തിലും ഡയറിയുടെ കാര്യത്തിലും മാധ്യമങ്ങളിലൂടെയും അല്ലാതെയും പ്രതിഷേധങ്ങൾ ഉണ്ടായിട്ടും ഗവണ്മെന്റ് തൃപ്തികരമായ മറുപടിയൊന്നും നല്കിയില്ലെന്നു മാത്രമല്ല, അവയെ അവഗണിച്ചുതള്ളുകയാണ് ചെയ്തതും. സംസ്ഥാനസർക്കാരിന്റെ രാഷ്ട്രീയവും സാമുദായികവിദ്വേഷം നിറഞ്ഞതുമായ ഇപ്പോഴത്തെ ഈ ഇരട്ടത്താപ്പുനയം സമുദായവും മന്നത്തുപത്മനാഭനെ സ്നേഹിക്കുന്ന ജനവിഭാഗങ്ങളും തിരിച്ചറിയേണ്ടതുണ്ട്.

മന്നത്തു പത്മനാഭൻ ആരായിരുന്നു എന്നും, അദ്ദേഹം ഈ നാടിനും ജനങ്ങൾക്കും വേണ്ടി ചെയ്തിട്ടുള്ള സേവനങ്ങൾ എന്താണെന്നും നല്ലതുപോലെ ജനങ്ങൾക്കറിയാം. അങ്ങനെയിരിക്കെ, ചരിത്രപുരുഷനായ മന്നത്തു പത്മനാഭനെ കേരളസാഹിത്യഅക്കാദമിയുടെ പേരിൽ അപമാനിക്കാൻ ശ്രമിച്ചതും നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ട് പ്രകാരമുള്ള അവധി അനുവദിക്കാതിരുന്നതും അക്ഷന്തവ്യമായ തെറ്റുതന്നെയാണ്.